

Palakkad Police Action

www.facebook.com/palakkadpolice
www.twitter.com/DpcPalakkad

## *കുടങ്ങളിലാക്കി കുളത്തിൽ സൂക്ഷിച്ച 300 ലിറ്റർ വാഷ് കണ്ടെത്തി നശിപ്പിച്ചു.*

കാത്താം പൊറ്റ പെട്രോൾ പമ്പിന് പിൻവശം കുളത്തിൽ കുടങ്ങളിലാക്കി സൂക്ഷിച്ച 300 ലിറ്റർ വാഷ് പാലക്കാട് ഡാൻസാഫ് സ്ക്വാഡും , ആലത്തൂർ പോലീസും സംയുക്തമായി നടത്തിയ പരിശോധനയിൽ കണ്ടെത്തി നശിപ്പിച്ചു.



ലോക്ഡൗൺ സമയത്ത് വ്യാജമദ്യ നിർമ്മാണത്തിന് വേണ്ടി കരുതിയതാണ് വാഷ് . സംസ്ഥാന പോലീസ് മേധാവിയുടെ മേൽനോട്ടത്തിൽ ജില്ലാടിസ്ഥാനത്തിൽ രൂപീകരിച്ച

ഡാൻസാഫ് സ്ക്വാഡിൻെറ നേതൃത്വത്തിൽ നടത്തിവരുന്ന പ്രത്യേക ഓപ്പറേഷൻെറ ഭാഗമായാണ് പരിശോധന നടത്തി വരുന്നത്.

പാലക്കാട് ജില്ല പോലീസ് മേധാവി R.വിശ്വനാഥ് IPSൻെറ നിർദ്ദേശത്തെത്തുടർന്ന് നർകോട്ടിക് സെൽ DySP C.D. ശ്രീനിവാസൻ , ആലത്തൂർ ഡി.വൈ.എസ്.പി സി.ആർ.സന്തോഷ് എന്നിവരുടെ നേതൃത്വത്തിലാണ് നടത്തിയ പരിശോധന നടത്തിയത്.

ആലത്തൂർ ഇൻസ്പെക്ടർ ടി.എൻ . ഉണ്ണികൃഷ്ണൻ, സബ്ബ് ഇൻസ്പെക്ടർ ജീഷ്മോൻ വർഗ്ഗീസ്, സീനിയർ CPO ഷംസുദ്ധീൻ ജില്ലാ ലഹരി വിരുദ്ധ സ്ക്വാഡ് അംഗങ്ങളായ റഹിം മുത്തു, ആർ.കെ. കൃഷ്ണദാസ്, സൂരജ് ബാബു .യു, ദിലീപ് .കെ . എന്നിവരടങ്ങിയ സംഘമാണ് വ്യാജമദ്യത്തിനെതിരെ പരിശോധന നടത്തുന്നത്.

..........................................................................................................................................

100 POLICE STATION | 1091 WOMEN HELPLINE | 9497 900 000 MESSAGE CENTRE | 9846 100 100 HIGHWAY ALERT | 1090 CRIME STOPPER | 1098 CHILD LINE | 9846 200 100 RAILWAY ALERT